സുപ്രഭാതം

30 November 2025

# വളരുന്നു അഷ്ടമുടി കായലിൽ പൂവൻ കക്ക

## കക്ക വിത്തുൽപാദനത്തിൽ പുരോഗതി കൈവരിച്ചതായി കണ്ടെത്തി



അഷ്ടമുടിക്കായലിൽ നിന്ന് കക്ക വാരുന്നു

**കൊല്ലം ▸** അഷ്ടമുടി കായലിലെ പൂവൻ കക്ക സമ്പത്ത് വർധിപ്പിക്കാനുള്ള കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സി.എം.എഫ്.ആർ.ഐ) ശ്രമങ്ങൾ ഫലം കാണുന്നു. ഫീൽഡ് സർവേ പ്രകാരം കക്കയിനത്തിന്റെ ഉൽപാദനത്തിൽ വർധനവുണ്ടായിട്ടുണ്ടെന്നും വിത്തുകക്കകൾ കായലിൽ വ്യാപകമായതായും കണ്ടെത്തി. സി.എം.എഫ്.ആർ.ഐയുടെ വിഴിഞ്ഞം റീജനൽ സെന്ററിന്റെ നേതൃത്വത്തിൽ കഴിഞ്ഞ വർഷം 30 ലക്ഷം കക്ക വിത്തുകൾ കായലിൽ നിക്ഷേപിച്ചിരുന്നു. 2018ലെ പ്രളയാനന്തരം അഷ്ടമുടിയിൽ കക്ക വിത്തുൽപാദനം ഗണ്യമായി കുറഞ്ഞതിന്റെ പശ്ചാത്തലത്തിലാണ് പുനരുജ്ജീവന ശ്രമങ്ങൾക്ക് കഴിഞ്ഞ വർഷം തുടക്കമിട്ടത്. കായലിലെ കക്ക സമ്പത്ത് പൂർവസ്ഥിതിയിലാക്കുന്നതിനും ദീർഘകാല സുസ്ഥിരത ഉറപ്പാക്കുന്നതിനുമായണ് പുനരുജ്ജീവന പദ്ധതി.

ഉയർന്ന തോതിൽ ഉപ്പുരസമുള്ള ഭാഗത്താണ് കൂടുതലായും കക്ക കുഞ്ഞുങ്ങളെ കണ്ടെത്തിയത്. ഇവയുടെ വളർച്ച സുഗമമാക്കുന്നതിനും കായലിൽ കക്ക സമ്പത്ത് പൂർവസ്ഥിതിയിലാക്കുന്നതിനുമായി ഡിസംബർ ഒന്ന് മുതൽ മൂന്ന് മാസത്തേക്ക് കായലിൽ നിന്നും കക്കവാരുന്നതിൽ നിരോധനം ഏർപ്പെടുത്തണമെന്ന സി.എം.എഫ്.ആർ.ഐ നിർദേശത്തെ തുടർന്ന് കക്ക വാരലിന് ജില്ലാ കലക്ടർ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്.

വിഴിഞ്ഞം കേന്ദ്രത്തിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ എം.കെ അനിലിന്റെ മേൽനോട്ടത്തിൽ കഴിഞ്ഞ വർഷം നിക്ഷേപിച്ച കക്ക കുഞ്ഞുങ്ങളിൽ 80ശതമാനത്തോളം അതിജീവനനിരക്ക് ലഭിച്ചതായി കണ്ടെത്തി. നിക്ഷേപിച്ച് ഏഴ് മാസത്തിനുള്ളിൽ തന്നെ കക്ക കുഞ്ഞുങ്ങൾ 34 മില്ലി മീറ്റർ വലിപ്പമെത്തി. ഒക്ടോബർ മുതലാണ് ഇവയുടെ പ്രജനന കാലം. വിവിധ വലിപ്പത്തിലുള്ള കക്കകളാണ് കായലിന്റെ വിവിധ ഭാഗങ്ങളിൽ കണ്ടെത്താനായത്. കഴിഞ്ഞ മാസം രേഖപ്പെടുത്തിയ ഏറ്റവും ചെറിയ വിത്തിന്റെ അളവ് 2.38 മില്ലി മീറ്റർ ആണ്.

ഇനിയുള്ള മാസങ്ങൾ ഇവയുടെ വളർച്ചക്ക് നിർണായകമാണ്. അതിനാലാണ് ഡിസംബർ മുതൽ മൂന്ന് മാസത്തേക്ക് കക്ക വാരൽ നിരോധിക്കണമെന്ന നിർദേശം സി.എം.എഫ്.ആർ.ഐ മുന്നോട്ട് വെച്ചത്. സി.എം.എഫ്.ആർ.ഐ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ ഗീത ശശികുമാറാണ് സർവേക്ക് നേതൃത്വം നൽകിയത്.

ശാസ്ത്രീയമല്ലാത്ത മണൽഖനനവും തോടുകളുടെ ശേഖരണവും വിത്തുകക്കകൾ വീണ സ്ഥലങ്ങളിൽ അവ നശിക്കാൻ കാരണമുണ്ടാകുന്നുണ്ടെന്നും സി.എം.എഫ്.ആർ.ഐ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. നിലവിലുള്ള മാനേജ്മെന്റ് നടപടികൾക്ക് സമാനമായി, നീണ്ടകര പാലത്തിന് സമീപമുള്ള ബാർ മൗത്ത് പ്രദേശം കക്ക വാരൽ നിരോധിത മേഖലയായി നേരത്തെ പ്രഖ്യാപിച്ചത് തുടരാനും സി.എം.എഫ്.ആർ.ഐ നിർദേശിച്ചിട്ടുണ്ട്.



പൂവൻ കക്ക